# ജി.വി എച്ച് എസ് എസ് പരണിയം

## ജ്വാല

## അക്കാദമിക മാസ്റ്റർ പ്ലാൻ

2025-26

# സ്കൂൾ വിവരങ്ങൾ

| | |
|---|---|
| 1. റവന്യൂ ജില്ല | - തിരുവനന്തപുരം |
| 2. സ്കൂൾ കോഡ് | - 44010 |
| 3. സ്കൂളിന്റെ പേര് | - ജി. വി. എച്ച്. എസ്. എസ്. പരണിയം. |
| 4. പിൻ കോഡ് | - 695525 |
| 5. ഇ. മെയിൽ | - govtvhss paraniyam44010@gmail.com. |
| 6. ഗ്രാമ പഞ്ചായത്ത് | - തിരുപുറം |
| 7. വിദ്യാഭ്യാസ ജില്ല | - നെയ്യാറ്റിൻകര |
| 8. സബ് ജില്ല | - നെയ്യാറ്റിൻകര |
| 9. ക്ലാസുകൾ | - LKG - 12 വരെ |
| 10. മാനേജ്മെന്റ് | - ഗവൺമെന്റ് |
| 11. പഠന മാധ്യമം | - മലയാളം. |

## ആമുഖം:

തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ തിരുപുറം പഞ്ചായത്തിൽ ഉൾപ്പെടുന്നതും കാഞ്ഞിരംകുളം, പൂവാർ, കരിങ്കുളം എന്നീ പഞ്ചായത്തുകളുടെ അതിർത്തിക്കടുത്ത് സ്ഥിതി ചെയ്യുന്നതുമായ ഏക വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളാണിത്. നേഴ്സറി മുതൽ വി.എച്ച്.എസ്.ഇ വിഭാഗം വരെ ഇവിടെ പ്രവർത്തിക്കുന്നു.

കഴിഞ്ഞ 15 വർഷമായി S.S.L.C. പരീക്ഷയിൽ 100% വിജയം കൈവരിച്ചുകൊണ്ട് മുന്നേറുകയാണ് ഈ സ്കൂൾ. ജില്ലാതലത്തിലും സംസ്ഥാനതലത്തിലും നടക്കുന്ന മത്സര പരീക്ഷകൾക്ക് പരിശീലനം നൽകുകയും മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കാനും ഈ സ്കൂളിന് കഴിയുന്നുണ്ട്. വി.എച്ച്.എസ്.ഇ. വിഭാഗത്തെയും മികച്ച നിലവാരത്തിലേയ്ക്ക് ഉയർത്താൻ കഴിഞ്ഞു എന്നതും എടുത്തുപറയത്തക്ക കാര്യമാണ്.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണെന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമിക രംഗത്തും ഒരുപോലെ മികവു വർദ്ധിപ്പിക്കുവാൻ സ്കൂളിന് കഴിയുന്നു. വിദ്യാഭ്യാസം പ്രാവർത്തികമാക്കാനായി

വൈവിധ്യമാർന്ന ബോധന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു. കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങളിൽ ഫലപ്രദമായ കൗൺസിലിംഗ് നൽകി പഠനത്തിന് സാഹചര്യം ഒരുക്കുന്നു.

അക്കാദമിക രംഗത്തെ മികവിനായി ചിട്ടയായ പ്ലാനിംഗും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളും നടത്തി വരുന്നു. ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകൾ അപ്പപ്പോൾ പരിഹരിക്കുകയും ചെയ്യുന്നു. പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അക്കാദമിക പ്രവർത്തനങ്ങളുടെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കി കൊടുക്കുന്നു. പി.ടി.എ. യുടെയും ജനപ്രതിനിധികളുടെയും പൂർവ്വ വിദ്യാർത്ഥികളുടെയും ജില്ലാ പഞ്ചായത്തുകളുടെയും പൂർണ്ണമായ സഹകരണം ഉറപ്പ് വരുത്തുന്നു. ക്യാമ്പസ് ഹരിതഭംഗിയാർന്ന, ജൈവസമ്പന്നതയാർന്ന, ശിശു സൗഹൃദപരമായ ഒരു പഠന അന്തരീക്ഷം സൃഷ്ടിക്കാൻ ഈ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്.

ഓരോ വർഷവും വിദ്യാർത്ഥികളുടെ എണ്ണത്തിലുണ്ടായ വർധനവ് സ്കൂളിന്റെ അക്കാദമിക നിലവാരത്തിലുള്ള പൊതു സമൂഹത്തിന്റെ അംഗീകാരമാണ്. ഇത് നിലനിർത്തി മുന്നോട്ടും കൂടുതൽ ഗുണകരമായ പാഠ്യപദ്ധതി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനാണ് ഈ അക്കാദമിക വർഷം ലക്ഷ്യം വയ്ക്കുന്നത്.

## പരണിയം വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ ഇന്ന്:-

ഹൈസ്കൂൾ തലത്തിൽ 12 അധ്യാപകരും ഹയർസെക്കന്ററി തലത്തിൽ 8 അധ്യാപകരും അനധ്യാപകരും അടങ്ങുന്നതാണ് ഇവിടത്തെ സ്റ്റാഫ്. ഏകദേശം 160 ഓളം കുട്ടികൾ ഹൈസ്കൂൾ തലത്തിലും 70 ഓളം കുട്ടികൾ ഹയർസെക്കന്ററി തലത്തിലും ഇവിടെ പഠിക്കുന്നു. കുട്ടികളുടെ യാത്ര സുഗമമാക്കുന്നതിനായി ജില്ല പഞ്ചായത്തിൽ നിന്നും അനുവദിച്ചു തന്ന സ്കൂൾ ബസ് ലഭ്യമാണ്.

തുടർച്ചയായി 16 വർഷമായി S.S.L.C. യ്ക്ക് 100% വിജയം കരസ്ഥമാക്കാൻ ഞങ്ങൾക്ക് സാധിച്ചു.

കുട്ടികളുടെ നിലവാരത്തിനനുസരിച്ച് ആവശ്യമായ പ്രത്യേക പരിശീലനം നൽകുന്നു. കൂടാതെ JRC, ഹെൽത്ത് ക്ലബ്, വിമുക്തി ക്ലബ്, ടീൻസ്ക്ലബ് തുടങ്ങിയ ക്ലബുകളുടെ പ്രവർത്തനം ശ്ലാഘനീയമാണ്. കുട്ടികളിൽ പഠനത്തോടൊപ്പം സേവന മനോഭാവം വളർത്തിയെടുക്കുന്നതിനും ഇതിലൂടെ കഴിയുന്നു.

നിലവിൽ സ്കൂൾ കെട്ടിടങ്ങളിൽ 3 ഷീറ്റു മേഞ്ഞതും 1 ഓടു മേഞ്ഞതുമായ വളരെ പഴക്കമുള്ളതും വാർഷിക അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന്റെ ഫലമായി നിലനിൽക്കുന്നവയുമാണ്. ഒരു സയൻസ് ലാബും ഒരു കമ്പ്യൂട്ടർ ലാബും വളരെ കാര്യക്ഷമമായി

പ്രവർത്തിക്കുന്ന പെൺകുട്ടികൾക്കായി ഒരു ആക്ടിവിറ്റി സെന്ററും പ്രവർത്തിക്കുന്നു.

കുട്ടികളുടെ എണ്ണം കുറയുന്നത് സ്കൂൾ നേരിടുന്ന വലിയൊരു പ്രതിസന്ധിയാണ്. എയ്ഡഡ്, അൺ-എയ്ഡഡ് സ്കൂളുകൾ ധാരാളം ഉള്ളതിനാൽ ഈ പ്രശ്നം വ്യക്തമായി തന്നെ ഈ സ്കൂൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നു. നിലവിലുള്ള വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിന് അധ്യാപകരെല്ലാം തീവ്ര പരിശ്രമം നടത്തി വരുന്നു.

സാധാരണക്കാരായ തൊഴിലാളികളുടെ മക്കൾ പഠിക്കുന്ന ഈ വിദ്യാലയത്തിൽ അവരുടെ വിദ്യാഭ്യാസ നേട്ടങ്ങൾ കൈവരിക്കാത്ത

ക്കുന്ന ശ്രമങ്ങളിൽ എല്ലാ രക്ഷിതാക്കളും അതീവ തല്പരരാണ്. കുട്ടികളിൽ മെച്ചപ്പെട്ട പഠന അവസരങ്ങൾ ഒരുക്കിക്കൊടുത്ത് നിശ്ചിത ശേഷി കൈവരിക്കാൻ അവരെ പ്രാപ്തരാക്കിയെടുക്കുന്നതിന് വേണ്ടി Spoken English ക്ലാസുകൾ നടത്തി വരുന്നു. കൂടാതെ USS, L.SS. സ്കോളർഷിപ്പ് ക്ലാസുകളും നൽകി വരുന്നു.

## അക്കാദമികം - പരിമിതികൾ.

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തി; കുട്ടികളെല്ലാം മികച്ച വിജയം നേടുന്നു. എങ്കിലും എല്ലാ ക്ലാസ് മുറികളും ഹൈടെക് നിലവാരത്തിലേയ്ക്ക് ഉയർന്നില്ല എന്നത് പരിമിതിയാണ്. 5 ക്ലാസ് മുറികൾ മാത്രമാണ് ഹൈടെക് നിലവാരത്തിലുള്ളത്. കൂടാതെ ലൈബ്രറിയ്ക്ക് ഒരു ക്ലാസ് റൂം പോലും ഇല്ലാത്ത അവസ്ഥയാണ്. കമ്പ്യൂട്ടർ ലാബും സയൻസ് ലാബും ഉണ്ടെങ്കിലും അതിലും പരിമിതികൾ കുറെയാണ്. ഗണിത ലാബ്, സാമൂഹ്യശാസ്ത്ര ലാബ് എന്നിവ ഗേൾസ് സ്കൂളിന് പ്രത്യേകമായില്ല. സയൻസ് മൂന്ന് വിഷയങ്ങളും ചേർന്നുള്ള ഒരു ലാബ് മാത്രമാണ് ഇവിടെയുള്ളത്. പ്രവർത്തിച്ച് പഠിക്കുക, അന്വേഷിച്ചും നിരീക്ഷിച്ചും പഠിക്കുക. തുടങ്ങിയവ പൂർണ്ണമായ അർത്ഥത്തിൽ കുട്ടികളിൽ എത്തിക്കണമെങ്കിൽ പ്രത്യേക ലാബ് സൗകര്യം ഉണ്ടാകേണ്ടതുണ്ട്. ഐ.ടി. ലാബും കൂടുതൽ കമ്പ്യൂട്ടർ സഹായിച്ച് പഠനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്.

## ഭൗതികനേട്ടം.

നിലവിൽ 10 ക്ലാസ് മുറികൾ ടൈൽ പാകി മോടി പിടിപ്പിച്ചു. 3 ക്ലാസ് മുറികൾ ഹൈടെക് സംവിധാനം ആക്കിയിട്ടുണ്ട്. കുട്ടികൾക്ക് വായനയ്ക്ക് ആവശ്യമായ പുസ്തകങ്ങൾ (കവികളു) ക്ലാസ് ലൈബ്രറികൾ സജ്ജമാക്കിയിട്ടുണ്ട്. പെൺകുട്ടികൾക്ക് ശാരീരികമായി ഉണ്ടാകുന്ന അവശതകൾക്കും മറ്റും വിശ്രമിക്കുന്നതിന് ആവശ്യമായ 'ആക്ടിവിറ്റി സെന്റർ' ഇല്ല പണിയുന്നതിനു

ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചിട്ടുണ്ട്. ജില്ല പഞ്ചായത്തിന്റെ സഹകരണത്തോടെ കുട്ടികൾക്ക് യാത്രാ സൗകര്യം ഒരുക്കുന്നതിന് സ്കൂൾ ബസ് ലഭിച്ചിട്ടുണ്ട്. ഏകദേശം 1000 പേർക്ക് ഇരിക്കത്തക്ക ഒരു ഓപ്പൺ ഓഡിറ്റോറിയം പൂർണ്ണമായും ടൈൽപാകി സജ്ജീകരിച്ചിട്ടുണ്ട്. നേഴ്സറി ക്ലാസുകളിൽ ബാലാ പ്രോജക്ടിന്റെ ഭാഗമായി കുട്ടികൾക്കാവശ്യമായ കളിക്കോപ്പുകളും പാർക്കുകളും സ്ഥാപിച്ചിട്ടുണ്ട്. കുട്ടികൾക്കാവശ്യമായ മേശകളും കസേരകളും സജ്ജമാക്കിയിട്ടുണ്ട്. ഹയർസെക്കന്ററി വിഭാഗത്തിൽ കമ്പ്യൂട്ടർ ലാബുകളും സയൻസ് ലാബുകളും വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നു.

## ഭൗതിക - പരിമിതികൾ.

- ഹൈസ്കൂളിൽ നിലവിൽ 10 ക്ലാസ് മുറികളിൽ 7 എണ്ണം ഹൈടെക് നിലവാരത്തിലേയ്ക്ക് ഉയരണം.
- ലൈബ്രറിയിൽ പതിനായിരത്തോളം പുസ്തകങ്ങൾ ഉണ്ടെങ്കിലും അത് വേണ്ടവിധം ഡിസ്പ്ലേ ചെയ്യാൻ സൗകര്യം ഇല്ല. ലൈബ്രറി പ്രവർത്തിക്കാൻ ക്ലാസ് റൂമിന്റെ അപര്യാപ്തതയുണ്ട്. പുസ്തകങ്ങൾ വയ്ക്കാൻ അലമാരകളുടേയും ഷെൽഫുകളുടേയും അപര്യാപ്തതയുണ്ട്. ഒരു റീഡിംഗ് റൂം ക്രമീകരിക്കാൻ ഇതുവരെയും കഴിഞ്ഞിട്ടില്ല. ഡിജിറ്റലൈസ്ഡ് ലൈബ്രറി ഒരുക്കുന്നതിനായി കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളും ആവശ്യമാണ്.

കുട്ടികൾക്ക് ഉച്ചഭക്ഷണം വയ്ക്കാനുള്ള ഭോജനശാല ഉണ്ടെങ്കിലും കുട്ടികളെ ഇരുത്തി ഭക്ഷണം കൊടുക്കാൻ ഹാൾ സൗകര്യം ഇല്ല. ഇതിൽ ആവശ്യത്തിന് ഫർണിച്ചറുകളും പാത്രങ്ങളും മറ്റും ലഭ്യമാകണം.

കുട്ടികൾക്ക് പ്രാഥമിക ആവശ്യങ്ങൾ നിർവഹിക്കുന്നതിന് ഉതകുന്ന ആധുനിക സൗകര്യമുള്ള ശൗചാലയങ്ങൾ പണിയണം. പെൺകുട്ടികൾ ഉപയോഗിക്കുന്ന സാനിറ്ററിനാപ്കിൻ കത്തിക്കുന്നതിനുള്ള സൗകര്യം ഉണ്ടാകണം. പെൺകുട്ടികൾക്ക് നിലവിലെ ശൗചാലയം മെച്ചപ്പെടുത്തേണ്ടതുണ്ട്.

ആകർഷകമായ വിധത്തിൽ പൂന്തോട്ടം, ജൈവവൈവിധ്യ പാർക്ക് എന്നിവ ഒരുക്കേണ്ടതുണ്ട്. കുട്ടികളുടെ കലാവാസന പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകാൻ സൗകര്യം ഒരുക്കണം. നൃത്തം, സംഗീതം ചിത്രരചന തുടങ്ങിയവയ്ക്ക് BRC Special teachers-നെ നിയമിക്കണം.

പരണിയം സ്കൂളിന് സ്വന്തമായി ഒരു കളിസ്ഥലം ഉണ്ടെങ്കിലും അത് ഈ ഗ്രാമത്തിന് സ്വന്തമാകുന്ന കാഴ്ചയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. കുട്ടികൾക്ക് ആവശ്യമായ പരിശീലനങ്ങൾ കൊടുക്കാൻ നാം തയ്യാറാകുമ്പോഴും ഒരു സ്പോർട്സ് സാറിന്റെ കുറവ് ഒരു പരിമിതി തന്നെയാണ്. 1-12 ക്ലാസ്സ് വരെ ഈ സ്കൂളിൽ ഒരു ഫിസിക്കൽ എഡ്യുക്കേഷൻ പോസ്റ്റ് അത്യന്താപേക്ഷിതമാണ്.

## അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ.

1. ഭാഷാശേഷി വികസനം
2. ഗണിതശേഷി വികസനം
3. ഇംഗ്ലീഷ് പഠനം അനായാസമാക്കൽ
4. വായനശേഷി വർധിപ്പിക്കൽ
5. ശാസ്ത്ര പോഷിണി പരിപാടി
6. ലബോറട്ടറി നവീകരണം (ശാസ്ത്രം ഗണിതം, സാമൂഹ്യശാസ്ത്രം)
7. പ്രതിഭാ പോഷിണി പരിപാടി
8. ലൈബ്രറി ശാക്തീകരണം
9. ജൈവ വൈവിധ്യ പാർക്ക് ഒരുക്കൽ
10. സ്കോളർഷിപ്പ് പരീക്ഷ പരിശീലനം
11. പഠനയാത്രകൾ.
12. സ്കൂൾ പത്രം, മാസിക
13. അധ്യാപക ശാക്തീകരണം
14. പ്രവർത്തി പരിചയ പരിശീലനം
15. പച്ചക്കറിത്തോട്ടം
16. സാഹിത്യ ശില്പശാലകൾ.
17. മെഡിക്കൽ ക്യാമ്പുകൾ
18. സ്കൂൾബ്ലോഗ് കാര്യക്ഷമമാക്കൽ
19. ഭാഷാ ലാബ്
20. ദിനാചരണങ്ങൾ
21. കായികശേഷി വികസനം
22. ചോദ്യപേപ്പർ ശില്പശാല
23. ഐ.ടി. പഠനം കാര്യക്ഷമമാക്കൽ
24. ചിത്രരചന ക്യാമ്പ്.
25. ശാസ്ത്ര ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര ഐ.ടി. പ്രവർത്തി പരിചയ മേളകൾ
26. ക്ലാസ് പി.ടി.എ. കാര്യക്ഷമമാക്കൽ

മേഖല - പ്രീ. പ്രൈമറി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തീം - കുടുംബം<br>വീടും പരിസരവും<br>• കുടുംബത്തെ കുറിച്ച് മനസ്സിലാക്കുന്നു<br>• വീടും പരിസരവും പരിചയപ്പെടുത്തുന്നു | • കഥ പറയൽ<br>• നിറം നൽകൽ<br>• വീടിന്റെ ചിത്രം വരയ്ക്കൽ<br>• പാട്ട് പാടൽ<br>• വീട് കാണാം, വ്യത്യാസം കണ്ടെത്താം | ജൂൺ | പ്രീപ്രൈമറി അധ്യാപിക | |
| തീം - ഞാനും<br>എന്റെ ശരീരവും (ശുചിത്വം)<br>മഴയും കാലാവസ്ഥയും<br>സസ്യങ്ങൾ, പൂക്കൾ<br>• ശരീരം വൃത്തിയായി സൂക്ഷിക്കണം.<br>• വീടും പരിസരവും ക്ലാസ്സും വൃത്തിയായി | • ശുചിത്വത്തെ കുറിച്ച് പാടുന്നു<br>• കളിക്കോപ്പുകളും പുസ്തകങ്ങളും ബാഗുകളും യഥാസ്ഥാനത്ത് വയ്ക്കുന്നു<br>• റോൾ പ്ലേ (ഡോക്ടറായും രോഗിയായും അഭിനയിക്കുന്നു | ജൂലൈ | പ്രീപ്രൈമറി അധ്യാപിക | |

മേഖല - പ്രീപ്രൈമറി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സൂക്ഷിക്കണം<br>• വെള്ളം ശ്രദ്ധയോടെ ഉപയോഗിക്കണം.<br>• മഴക്കാലവും മഴയില്ലാത്ത കാലവുമുണ്ട്.<br>• വീട്ടിൽ പലതരത്തിലുള്ള ചെടികൾ നട്ടു വളർത്താറുണ്ട്<br>• വിവിധതരം പഴങ്ങൾ ഉണ്ട്<br>• പഴങ്ങൾക്ക് മണം, രുചി, നിറം എന്നിവയുണ്ട്.<br>• ചെടികൾ കൊണ്ട് പ്രയോജനങ്ങളുണ്ട്. | • അഭിനയഗാനം<br>• മഴയനുഭവം പറയൽ<br>• കുട വരയ്ക്കാം, നിറം നൽകാം<br>• മഴപ്പാട്ടു പാടൽ<br>• തോണി തുഴയൽ കളി<br>• അനുഭവം പങ്കിടാം (ടീച്ചറും കുട്ടികളും)<br>• രോഗം വന്ന അനുഭവം പങ്കിടുന്നു<br>• പഴങ്ങളെ കുറിച്ച് പറയൽ<br>• വെജിറ്റബിൾ പ്രിന്റിങ്<br>• ഇല പ്രിന്റിങ് | ജൂലൈ | പ്രീ.പ്രൈമറി അധ്യാപിക | |

മേഖല - പ്രീപ്രൈമറി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തീം - ആഹാരം ആഘോഷങ്ങൾ, സ്വാതന്ത്ര്യദിനം, ആരോഗ്യം, രോഗങ്ങൾ ആശുപത്രി<br>• മനുഷ്യൻ മാത്രമല്ല, മറ്റു ജീവികളും വിശക്കുമ്പോൾ ആഹാരം കഴിക്കുന്നു<br>• പലതരം ആഹാരങ്ങളുണ്ട്.<br>• ഉപ്പും മധുരവും എരിവുമുള്ള ആഹാര പദാർത്ഥങ്ങളുണ്ട്<br>• ശുചിത്വമുള്ളതും ആഹാരം കഴിക്കണം<br>• പിറന്നാൾ, വിവാഹം തുടങ്ങിയ | • ഭക്ഷണത്തെക്കുറിച്ച് പറയൽ<br>• വളർത്തുജീവികളുടെ ആഹാരം പറയൽ<br>• മണത്തുനോക്കാം, പറയാം കളി, രുചിച്ചു നോക്കാം പറയാം കളി<br>• ആകൃതികൾ തിരിച്ചറിയൽ കളി (വട്ടം)<br>• പാട്ട്<br>• കഥ<br>• പലതരത്തിലുള്ള ആഹാരസാധനങ്ങൾ വരച്ച പേപ്പറിൽ അനുയോജ്യമായ നിറങ്ങൾ നൽകുന്നു | ആഗസ്റ്റ് | പ്രീ-പ്രൈമറി അധ്യാപിക | |

മേഖല - പ്രീപ്രൈമറി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആഘോഷങ്ങൾ വീട്ടിൽ ഉണ്ടാകാറുണ്ട്<br>• ഓണം, ക്രിസ്തുമസ്, പെരുന്നാൾ തുടങ്ങി പലതരം ആഘോഷങ്ങളുണ്ട്. ഓരോന്നിനും അതിന്റേതായ പ്രത്യേകതകളും സവിശേഷതകളുമുണ്ട്.<br>• ആഘോഷത്തിന്റെ ഭാഗമായി വീടും പരിസരവും സ്കൂളും അലങ്കരിക്കുന്നു.<br>• വിവിധതരം രോഗങ്ങളുണ്ട്<br>• ആശുപത്രിയിൽ ഡോക്ടർ, നഴ്സ് ഉണ്ട് | • കടലാസ്, തുണി എന്നിവ മുറിക്കാനും മടക്കാനും ഒട്ടിക്കാനും കഴിയുന്നു.<br>• തോരണങ്ങൾ തയ്യാറാക്കൽ<br>• ക്ലാസ്സ് അലങ്കരിക്കൽ<br>• ചിത്രങ്ങൾ ക്രയോൺ ഉപയോഗിച്ച് നിറം നൽകൽ<br>• സ്വാതന്ത്ര്യദിനത്തോട് അനുബന്ധിച്ച് കളർ പേപ്പറിൽ തോരണം ഉണ്ടാക്കൽ, ബാഡ്ജ് നിർമ്മിക്കൽ<br>• പട്ടങ്ങൾ നിർമ്മാണം<br>• ആരോഗ്യ പാട്ടുകൾ<br>• ചമഞ്ഞുകളി | ആഗസ്റ്റ് | പ്രീപ്രൈമറി അധ്യാപിക | |

മേഖല - പ്രീ-പ്രൈമറി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തീം - പൂക്കൾ, പൂന്തോട്ടം, ശലഭങ്ങൾ, ഓണം, നാടൻ പച്ചക്കറികൾ<br>• പൂക്കൾ പലനിറത്തിലുണ്ട്<br>• പൂക്കളിൽ പൂമ്പാറ്റ വരുന്നു<br>• ഓണം, പെരുന്നാൾ തുടങ്ങി പലതരം ആഘോഷങ്ങളുണ്ട്.<br>• ആഘോഷത്തിന്റെ ഭാഗമായി ക്ലാസ്സും പരിസരവും സ്കൂളും അലങ്കരിക്കുന്നു. | • പൂക്കളുമായി ബന്ധപ്പെട്ട അഭിനയഗാനങ്ങൾ<br>• പൂക്കളിൽ ക്രയോൺ ഉപയോഗിച്ച് നിറം നൽകൽ<br>• ചിത്രങ്ങൾ കീറിയൊട്ടിക്കൽ<br>• മണൽത്തടത്തിൽ പൂക്കൾ വരയ്ക്കൽ<br>• ഫ്ലവർ വെയ്സിൽ പൂക്കൾ ക്രമീകരിക്കൽ<br>• ചിത്രം നോക്കി പറയൽ<br>• പ്രകൃതി നടത്തിൽ കണ്ട ചെടി, പൂക്കൾ എന്നിവ പരിചയപ്പെടൽ. | സെപ്റ്റംബർ | പ്രീപ്രൈമറി അധ്യാപിക | |

മേഖല - പ്രീ-പ്രൈമറി

| ഉള്ളടക്കം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | • സ്വതന്ത്രമായി കളികളിൽ ഏർപ്പെടൽ<br>• ഊഞ്ഞാലാട്ടം, പന്തുകളി | | | |
| തീം - ഗാന്ധിജയന്തി, ജീവികൾ - വളർത്തുമൃഗം, വളർത്തുപക്ഷികൾ, വന്യജീവികൾ, മണ്ണ്, കൃഷി<br>• ഗാന്ധിജയന്തി, ശിശുദിനം തുടങ്ങിയ ദിനങ്ങൾ സ്കൂളിൽ ആഘോഷമായി നടത്തുന്നു<br>• പശു, ആട്, കാള, പട്ടി, | • ഗാന്ധിജയന്തിയുമായി ബന്ധപ്പെട്ട കഥകൾ കേൾക്കുന്നു, പാട്ടുകൾ പാടുന്നു<br>• തോരണങ്ങൾ തയ്യാറാക്കി അവ ഉപയോഗിച്ച് അലങ്കരിക്കുന്നു.<br>• പക്ഷികളുടെയും മൃഗങ്ങളുടെയും ചലനങ്ങൾ<br>• കളികൾ, കഥകൾ, പാട്ടുകൾ<br>• ജീവികളുടെ ചിത്രത്തിൽ | ഒക്ടോബർ | പ്രീ-പ്രൈമറി അധ്യാപിക | |

മേഖല- പ്രീപ്രൈമറി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പശു, മുയൽ മുതലായവയെ വീട്ടിൽ വളർത്തുന്നു.<br>• വളർത്തുമൃഗങ്ങളെ കൊണ്ട് ഉപയോഗമുണ്ട്.<br>• ചില പക്ഷികളെ കൊണ്ട് ഉപയോഗമുണ്ട്.<br>• കാട്ടിൽ ജീവിക്കുന്ന പലതരം മൃഗങ്ങളുണ്ട്<br>• വലുതും ചെറുതുമായ മൃഗങ്ങളുണ്ട്.<br>• ചെടികൾ വളരുന്നത് മണ്ണിലാണ്.<br>• മനുഷ്യൻ പലതരം | ക്രയോൺ ഉപയോഗിച്ച് നിറം നൽകുന്നു<br>• ചിത്രം നിരീക്ഷിച്ച് പറയൽ<br>• പാവകളി<br>• ചിത്രവായന<br>• മൃഗങ്ങളുടെ ചലനങ്ങൾ അനുകരിക്കുന്നു<br>• പേപ്പർ ചുരുട്ടൽ<br>• മൃഗരൂപങ്ങൾ നിർമിക്കൽ<br>• കളിമണ്ണ് കുഴയ്ക്കുക, വിവിധ രൂപങ്ങൾ, മണ്ണപ്പം എന്നിവ ഉണ്ടാക്കൽ. | ഒക്ടോബർ | പ്രീ-പ്രൈമറി ടീച്ചർ | |

മേഖല - പ്രീ-പ്രൈമറി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കൃഷികൾ ചെയ്യുന്നു. <br>• കൃഷി ചെയ്യാൻ ഉപകരണങ്ങൾ ആവശ്യമാണ്. | • ചിത്രങ്ങളിൽ നിന്നു കൃഷിയുപകരണങ്ങൾ തിരിച്ചറിയുന്നു. | | | |
| തീം - തൊഴിൽ, ശിശുദിനം, പക്ഷികൾ <br>• പലതരം തൊഴിലുകൾ ചെയ്യുന്നവർ നമ്മുടെ നാട്ടിലുണ്ട്. <br>• തൊഴിൽ ചെയ്താൽ കൂലി കിട്ടും. <br>• ശിശുദിനവുമായി ബന്ധപ്പെട്ട് വിവിധ പരിപാടികൾ നടത്താറുണ്ട്. | • പലതരം ഉപകരണങ്ങൾ പരിചയപ്പെടുത്തുന്നു <br>• കടലാസ് മടക്കുക <br>• കടലാസ് വലിയ കഷ്ണങ്ങളായി കീറുക <br>• തീപ്പെട്ടിക്കൂട്, കാർഡ് ബോർഡ്, പെട്ടി തുടങ്ങിയവ ഉപയോഗിച്ച് കളിയുപകരണങ്ങൾ നിർമ്മിക്കുന്നു. | നവംബർ | പ്രീ-പ്രൈമറി ടീച്ചർ | |

മേഖല - പ്രീ-പ്രൈമറി:

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • നമുക്ക് ചുറ്റും പല തരം പക്ഷികളുണ്ട്.<br>• പക്ഷികളുടെ നിറം, വലുപ്പം, ആകൃതി, ശബ്ദം എന്നിവ വ്യത്യസ്തമാണ്. | • ആംഗ്യപ്പാട്ട്<br>• പക്ഷികളുമായി ബന്ധപ്പെട്ട ആയിത്തീരൽ കളികൾ<br>• പക്ഷികളുടെ ചലനങ്ങൾ | | | |
| തീം - പ്രാണികൾ, ഇഴജന്തുക്കൾ<br>വസ്ത്രം, ക്രിസ്മസ്<br>• വീട്ടിലും പുറത്തും ധാരാളം പ്രാണികളുണ്ട്<br>• ചില പ്രാണികളും ഇഴജന്തുക്കളും നമുക്ക് | • ചിത്രവായന<br>• സ്വതന്ത്രഭാഷണം<br>• വീഡിയോ കണ്ട് സ്വാനുഭവവുമായി ബന്ധിപ്പിച്ച് പറയുന്നു<br>• നിരീക്ഷിച്ചു പറയൽ<br>• ചിത്രപ്പസിലുകൾ പൂർത്തിയാക്കൽ | ഡിസംബർ | പ്രീ-പ്രൈമറി അധ്യാപിക | |

മേഖല - പ്രീ-പ്രൈമറി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആപത്തുണ്ടാക്കും.<br>• പലതരം വസ്ത്രങ്ങളുണ്ട്<br>• വസ്ത്രത്തിന്റെ ഉപയോഗം<br>• ആഘോഷത്തിന്റെ ഭാഗമായി വീടും പരിസരവും സ്കൂളും അലങ്കരിക്കുന്നു<br>• ഓരോ നാട്ടിലും ഉത്സവങ്ങളുണ്ട്. | • കടലാസ് മടക്കൽ<br>• തുണി മടക്കൽ<br>• സംഘഗാനം<br>• ചുവടുകളി<br>• ക്രിസ്മസ് ആഘോഷം<br>• ആംഗ്യപ്പാട്ട് | | | |
| തീം - വാഹനങ്ങൾ<br>എന്റെ ഗ്രാമം<br>പൊതുസ്ഥാപനങ്ങൾ | • പലതരം വാഹനങ്ങളുണ്ട്.<br>• യാത്ര ചെയ്യുന്നതിനു വാഹനം ഉപയോഗിക്കുന്നു. | ജനുവരി | പ്രീ പ്രൈമറി അധ്യാപിക | |

മേഖല - പ്രീ-പ്രൈമറി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • കര, വെള്ളം, ആകാശം എന്നിവയിലൂടെ പോകുന്ന വാഹനങ്ങളുണ്ട്<br>• വീടിന് ചുറ്റും അയൽവീടുകൾ, മരങ്ങൾ, ജീവജാലങ്ങൾ, കുന്നുകൾ, പുഴകൾ എന്നിവയുണ്ട്<br>• എന്റെ നാട്ടിൽ പലപൊതുസ്ഥാപനങ്ങൾ ഉണ്ട്<br>• മീൻ, പച്ചക്കറികൾ എന്നിവവാങ്ങാൻ പ്രത്യേകം ചന്തകളുണ്ട് | • തോണിപ്പാട്ട്<br>• വാഹനചലനങ്ങൾ അനുകരിക്കൽ<br>• വാഹനങ്ങളുമായി ബന്ധപ്പെട്ട അഭിനയഗാനം<br>• പാർക്കിങ്ങ് കളി<br>• ബസ്സുകളി<br>• വീടും ചുറ്റുപാടും വരച്ച് നിറം കൊടുക്കൽ<br>• ഗ്രാമചിത്രം നിറം കൊടുക്കൽ<br>• റോൾ പ്ലേ<br>• പാവനാടകം കാണൽ | ജനുവരി | പ്രീ-പ്രൈമറി അധ്യാപിക | |

മേഖല

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തീം- കലകൾ- പ്രാദേശിക ഉത്സവങ്ങൾ ആകാശം, കളികൾ, വിനോദങ്ങൾ<br>• നാട്ടിൽ നടക്കുന്ന പലതരം ഉത്സവങ്ങളുണ്ട്<br>• ഉത്സവങ്ങളുമായി ബന്ധപ്പെട്ട് വാദ്യോപകരണങ്ങളുണ്ട്<br>• ആകാശത്ത് സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, മേഘം എന്നിവയുണ്ട് | • ആംഗ്യപ്പാട്ട്<br>• ഉത്സവമേളം<br>• വാദ്യോപകരണങ്ങളുടെ ശബ്ദം ഉണ്ടാക്കൽ<br>• സ്വതന്ത്ര ഭാഷണം<br>• അനുഭവിച്ചറിയൽ, പറയൽ<br>• മരക്കട്ടകൾ, ബിൽഡിങ് ബ്ലോക്സ്, തീപ്പെട്ടിക്കൂട്, കാർഡ് ബോർഡ് പെട്ടി തുടങ്ങിയവ ഉപയോഗിച്ചുള്ള നിർമാണം | ഫെബ്രുവരി | പ്രീ- പ്രൈമറി ടീച്ചർ | |

മേഖല - പ്രീ-പ്രൈമറി

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • പലതരം കളികളുണ്ട്<br>• കളിപ്പാട്ടങ്ങൾ ഉപയോഗിച്ചും അല്ലാതെയും കളിക്കാം | • സംഘകളികൾ | | | |
| തീം - റേഡിയോ, ടി.വി, ഫോൺ, വെള്ളം, പുഴ, കടൽ, മരങ്ങൾ, കാട്<br>• വാർത്തകൾ അറിയാൻ വിവിധ മാർഗങ്ങളുണ്ട്<br>• ചിത്രം വായിച്ച് നാം വാർത്തകൾ അറിയുന്നു<br>• വാർത്തകൾ, വിനോദ പരിപാടികൾ കേൾക്കുന്നതിന് | • ചിത്രം നോക്കി പറയൽ<br>• താരാട്ടു പാട്ട്<br>• സംഭാഷണഗാനങ്ങൾ<br>• സ്വതന്ത്രകളികൾ<br>• പ്രകൃതി വായന<br>• വെള്ളം നിറയ്ക്കൽ കളി | മാർച്ച് | പ്രീ-പ്രൈമറി അധ്യാപിക | |

മേഖല - പ്രീ-പ്രൈമറി

| ധാരണകൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| റേഡിയോ, ടി.വി, ഫോൺ എന്നിവ ഉപയോഗിക്കുന്നു.<br>• വെള്ളം കിട്ടുന്നത് മഴയിലൂടെയാണ്<br>• വെള്ളത്തിന് പല ഉപയോഗങ്ങളുണ്ട്<br>• നമ്മൾ നട്ടു വളർത്തുന്നതും അല്ലാത്തതുമായ മരങ്ങളുണ്ട്<br>• വീടും വീട്ടുപകരണങ്ങളും ഉണ്ടാക്കാൻ മരം ഉപയോഗിക്കുന്നു. | • പ്രകൃതിവായന<br>• വെള്ളം നിറയ്ക്കൽ കളി<br>• ചിത്രത്തിൽ കാണുന്നത് പറയൽ<br>• മഴത്തുള്ളി വരയ്ക്കൽ<br>• കഥ കേൾക്കൽ<br>• സ്വതന്ത്രഭാഷണം<br>• പാട്ടുകേൾക്കൽ | മാർച്ച് | പ്രീ-പ്രൈമറി അധ്യാപിക | |

മേഖല - അക്കാദമികം
ഉപമേഖല - പരിസരപഠനം
ക്ലാസ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം അറിയാം ലഘുപരീക്ഷണങ്ങൾ കണ്ടെത്തുന്നു കുറിപ്പു തയ്യാറാക്കൽ | ജൂൺ ജൂലൈ ആഗസ്റ്റ് | | |
| പ്രകൃതി വിഭവ സംരക്ഷണം | ജൈവ വൈവിധ്യ പാർക്ക് ടയണ, ജലസ്രോതസ്സുകൾ, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ | ജൂലൈ ഡിസംബർ | | |
| ശാസ്ത്രപരീക്ഷണങ്ങളിൽ താല്പര്യം ജനിപ്പിക്കൽ | ശാസ്ത്രപ്രതിഭകളെ അടുത്തറിയാം, പരീക്ഷണം വീടിനകത്തും, ശാസ്ത്രമാസികകൾ | | | |
| നിരീക്ഷണം - അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | | |

| | | | | |
|---|---|---|---|---|
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക | വൃക്ഷത്തൈ നടൽ<br>നട്ട വൃക്ഷത്തൈ പരിപാലിക്കൽ<br>പരിസരമലിനീകരണം<br>ജലമലിനീകരണം<br>പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | | |
| കുട്ടികളെ വ്യക്തിശുചിത്വം, പരിസര ശുചിത്വം ഉള്ളവരാക്കി മാറ്റുക. | ക്ലാസ് തലത്തിൽ ശുചിത്വമത്സരം<br>വ്യക്തി ശുചിത്വം, ക്ലാസ് റൂം, പരിസരശുചിത്വം അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു.<br>നല്ല ശീലം പോസ്റ്ററുകൾ തയ്യാറാക്കുന്നു. | നവംബർ<br>ഡിസംബർ | | |
| പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിലേർപ്പെടുക. ശാസ്ത്രീയ മനോഭാവം വളർത്തുക. | ശാസ്ത്രകൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു<br>മണ്ണ് നിരീക്ഷണം - മണ്ണ് കൊണ്ട് രൂപങ്ങൾ നിർമ്മിക്കൽ - മണ്ണു കൊണ്ടുള്ള വ്യത്യസ്ത പരീക്ഷണങ്ങൾ | ജനുവരി<br>മാർച്ച്<br>ആഗസ്റ്റ്<br>സെപ്തംബർ | | |

| | | | | |
|---|---|---|---|---|
| | മഴമാപിനി നിർമ്മാണം -<br>ജലസംരക്ഷണ poster നിർമ്മാണം<br>കിണർ സന്ദർശനം<br><br>ഫീൽഡ് ട്രിപ്പ് - പഴം - പച്ചക്കറിക്കട<br>food festival<br>എന്റെ ആരോഗ്യം<br>സ്കൂൾ പച്ചക്കറിത്തോട്ടം<br>ഒരുക്കൽ<br>ശരിയായ ഭക്ഷണശീലം -<br>poster | ഒക്ടോബർ | | |

മേഖല - അക്കാദമികം
ഉപമേഖല - പരിസരപഠനം
ക്ലാസ് - IV

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശക |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം അറിയാം<br>ലഘുപരീക്ഷണങ്ങൾ കണ്ടെത്തുന്നു<br>കുറിപ്പു തയ്യാറാക്കൽ | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | | |
| അറിവുനിർമാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | | |
| ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | | |
| ഭൂപടമൊരുക്കാം<br>കേരളം - ഇന്ത്യ -<br>ഭൂപടവായന -<br>സൂചിക പരിചയപ്പെടൽ | ഭൂപട വായന, ഭൂപട രചന<br>സൂചികാ നിർമാണം | | | |

| | | | | |
|---|---|---|---|---|
| പ്രവൃത്തി നടത്തം | നിരീക്ഷണം - അറിവ് നിർമ്മാണം | ആവശ്യാനുസരണം | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | | | | |
| ശാസ്ത്രമൂല - | ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | | | | |
| ശാസ്ത്രയാത്ര | ശാസ്ത്രപഠനത്തിൽ താൽപര്യം ജനിപ്പിക്കൽ - അന്വേഷണത്വര വളർത്തൽ | | | |
| കേരളം - ഇന്ത്യ - ഭൂപട വായന | | | | |

| | | | | |
|---|---|---|---|---|
| സ്ത്ര വിസ്മയ ചുമർ. | ശാസ്ത്രപഠനം രസകരമാക്കൽ | ആവശ്യാനുസരണം | SRG, ക്ലാസ്ടീച്ചർ | |
| ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | | | | |
| ശാസ്ത്രോത്സവം | ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | വർഷത്തിലൊരിക്കൽ | SRG, ക്ലാസ്ടീച്ചർ | |
| പഠനോത്പന്നങ്ങളുടെ പ്രദർശനം (പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, ആൽബം | | | | |

## മേഖല : UP മലയാളം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ഭാഷയുടെ അടിസ്ഥാനശേഷി വികാസം, ആശയ സംവേദനം നടത്താനും പദ സമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | - പഠിതാക്കൾ അവരുടെ അനുഭവിച്ചറിഞ്ഞ അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു<br>- അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | June | അധ്യാപകർ | PTA |
| 2. പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുന്നു. | - പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉയർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു.<br>- അതാത് മാസത്തെ പ്രധാന സംഭവങ്ങൾ Class, School തലത്തിലെ ചുമതലകൾ എന്നിവയെ അടിസ്ഥാനമാക്കി ക്വിസ് മത്സരം നടത്തുന്നു. | School year | അധ്യാപകർ | PTA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | – പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘുനാടകങ്ങൾ തുടങ്ങിയവ school Assembly-യിൽ അവതരിപ്പിക്കാൻ അവസരം ലഭിക്കുന്നു.<br>– ഓരോ ആഴ്ചയിലെയും പത്രവും/ പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | School year. | | |

| Aim | Activities | Month | Responsible Person | Economic Source |
|---|---|---|---|---|
| To encourage<br>Listening & Speaking.<br><br>Introduce different genres (fiction, non- fiction, poetry)<br>Enhance vocabulary.<br>Enhance listening skills.<br><br>To encourage Reading<br>Develop basic reading, writing, listening, and speaking skills.<br><br>Cultivate effective communication skills for various contexts. | Interactive storytelling sessions discussing themes, characters and plots to enhance listening skills.<br>Group discussions and role-plays to improve speaking skills.<br>Vocabulary games and exercises to build word knowledge.<br><br>Interactive Reading Circles:<br><br>Divide students into small groups and provide them with age-appropriate texts, such as short stories or excerpts from novels.<br><br>Each group reads the assigned text together and discusses key elements like plot, characters, and themes.<br><br>Encourage students to take turns reading aloud and share their interpretations and reactions to the text.<br><br>After discussions, each group presents a summary or analysis of their assigned text to the class.<br><br>Guided reading sessions with comprehension questions.<br>Listening comprehension exercises using audio stories. | June<br><br><br><br><br><br><br><br><br><br><br><br>July | English Teachers | English Club |

| | | | | |
|---|---|---|---|---|
| To develop Writing Skills<br>Introduce grammatical concepts such as parts of speech, tenses, and sentence structure.<br>To develop basic Grammar rules.<br>Focus on sentence structure, punctuation, and grammar.<br><br>Expand vocabulary through reading and interactive activities.<br><br>Introduce different types of writing: narrative, descriptive, persuasive, etc. | Debates and presentations for advanced speaking practice.<br><br>Expanding vocabulary with context clues from passage.<br><br>Improve sentence structure.<br><br>Practice for simple creative writing tasks like descriptive paragraphs, short stories, and simple poetry.<br><br>Projects and research assignments to foster critical thinking.<br><br>Focus on developing paragraphs and essays.<br>Teach persuasive writing techniques and argumentation.<br><br>Preparing and delivering speeches.<br>Listening to and analysing different media sources.<br><br>Interactive grammar games.<br>Structured grammar lessons with examples and practice exercises.<br>Worksheets on parts of speech, punctuation and sentence types. | August-<br>December<br><br>January -<br><br>February | English Teachers | English Club |

| | | | | |
|---|---|---|---|---|
| Language Games, puzzles and Activities:<br><br>Differentiation and Support: | Integrate language games and activities to reinforce vocabulary, grammar, and language skills in an engaging way.<br><br>For example, play word association games, charades, or vocabulary bingo to practice new words and concepts.<br><br>To create their own poems, stories, dictionary etc and present it to the class.<br><br>Recognize and accommodate the diverse learning needs of students through differentiated instruction, including accommodations and modifications for specially abled students and gifted learners.<br><br>Provide additional support and resources such as small-group instruction, tutoring, peer mentoring, and remedial programs to help struggling students and challenge advanced learners.<br><br>Offer opportunities for enrichment and extension activities to extend learning beyond the core curriculum and cater to students' interests and strengths. | Throughout the year | English Teachers | English Club |

| | | | | |
|---|---|---|---|---|
| Assessment and Feedback: | Collaborate with learning support specialists, language teachers, and other support staff to ensure inclusive practices and provide targeted support for students with specific learning needs.<br><br>Design a range of assessment tasks and tools to measure students' language proficiency, comprehension, and writing skills, including formative and summative assessments.<br><br>Use a variety of assessment methods such as quizzes, tests, essays, presentations, projects, and performance tasks to assess different aspects of language learning.<br><br>Provide timely and constructive feedback to students that highlights their strengths, identifies areas for improvement, and suggests strategies for further development.<br><br>Involve students in self-assessment and reflection activities to promote ownership of their learning process.<br><br>Use assessment data to inform instructional planning, identify learning gaps, and differentiate instruction to meet individual student needs.<br><br>Provide resources and tips for parents on how to support their child's literacy | Throughout the year | English Teachers | English Club |

| | | | | |
|---|---|---|---|---|
| Parent Involvement | development at home, including book recommendations, reading strategies, and language enrichment activities.<br><br>Showcase students' and parents' writing through publications, newsletters, or school-wide writing anthologies to celebrate their achievements and foster a culture of writing.<br><br>Encourage parents with expertise in English language teaching, literacy, or language acquisition to share their knowledge and skills with students and teachers.<br><br>Collaborate with parents to create English language learning materials, such as flashcards, games, or resource packs, that can be used in the classroom or sent home for additional practice. | | English Teacher<br><br>English Teachers & PTA Members & parents | English Club |

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപ്പശാല** കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്,........ ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | **ഒറിഗാമി ശിൽപ്പശാല** ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്** ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം** ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 6) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യതകളിലൂടെ** ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

UP - സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ പരിശോധിക്കൽ നേടിയെടുക്കൽ | കളിയിൽ നിന്ന് കാര്യത്തിലേക്ക് സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാന തല അറിവ് ഓരോ പഠിതാവും പരിശീലിക്കുന്നു. | ജൂൺ | സാമൂഹ്യ ശാസ്ത്ര അധ്യാപിക. | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | Virtual Field Trip. ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

UP - സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തന രീതി | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3) ജനാധിപത്യ പരമായ ജീവിത സമീപനം രൂപപ്പെടുന്നു. | വിദ്യാലയത്തിൽ നിന്ന് അദ്ധ്യാപകർ ഗ്രാമസഭ, വാർഡ്, സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസ്സിലാക്കുന്നു. | ജൂലൈ - ആഗസ്റ്റ് | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ. | |
| 4) വിവരവിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗത്തെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ. | |

UP - സാമൂഹ്യശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ കണ്ടൽക്കാടുകൾ എന്നിവ സന്ദർശിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ. | |
| 6) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ നിലവാരമുള്ളവരാക്കുന്നു. | മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ചോദ്യോത്തര വേളകൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ. | |

മേഖല : UP Basic Science

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1 ജീവിതസാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | <u>കണ്ടറിയാനൊരു യാത്ര.</u><br>കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ<br><u>പരീക്ഷണക്കളരി</u><br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗിച്ച് രസകരമായ ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്രക്ലാസ്സുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്രപരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | PTA |
| 2 ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക | ആധുനിക - ശാസ്ത്രലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ആധുനിക ശാസ്ത്രപരീക്ഷണങ്ങൾ നേർക്കാര്യം ചെയ്യാനുള്ള കഴിവ് വർധിപ്പിക്കുക. | • ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ നിർമ്മിക്കുന്നു.<br>• കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്രമാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | School year | ശാസ്ത്രാധ്യാപകർ | PTA |
| (3) ശാസ്ത്ര അവതരണം നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനം | ICT യുടെ സഹായത്തോടെ ശാസ്ത്രവിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | School year | അധ്യാപകർ. | |

# മേഖല - യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | ഗണിത ശില്പശാല<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്ന-തിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, തീപ്പെട്ടിക്കൊള്ളി, മുത്തുകൾ, ഫ്ലാഷ് കാർഡ്, ....... ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത കൺവീനർ | |
| 2) ജ്യാമിതീയ ഗണിത ശാസ്ത്ര പഠനവും കൗതുക ശേഷി വികാസവും | ഒറിഗാമി ശില്പശാല<br>ജ്യാമിതിക്ക് കൂടുതൽ ഒറിഗാമിയിലൂടെ ഗണിതശേഷി-കൾ കൈവരിക്കുന്നതിനുള്ള ശില്പ ശാലകൾ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | Maths trs. | ഗണിത ഫണ്ട്, PTA |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ഉപയോഗിച്ച് ഗണിതക്ലാസ്സുകൾ | അദ്ധ്യയനം നിരന്തരം | Maths trs and Maths club members. | |
| 4) ഗണിതം മധുരമാക്കൽ | ഗണിത പാർക്ക്<br>ജ്യാമിതിയിൽ കുട്ടികൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | Maths club | |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | ഗണിത ഗ്രാമം<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യം | വർഷത്തിൽ രണ്ടോ മൂന്നോ തവണ | ഗണിതാധ്യാപകർ, ക്ലബ് മെമ്പർമാർ | PT |

| | | | |
|---|---|---|---|
| | ഉണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | | |
| 6) ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ഉത്തരക്കടലാസുകൾ, ടാൻഗ്രാം തുടങ്ങിയ പ്രവർത്തനങ്ങളും ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ |
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുന്നിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുന്നിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | Maths tr. and മിടുക്കരായ കുട്ടികൾ |
| 8) വിവിധ ദിനങ്ങൾ ആഘോഷിക്കുന്നു. | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ ചർച്ച ചെയ്യുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG |

മേഖല - ഹൈസ്കൂൾ - ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. രാഷ്ട്രഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുക. | കഥ വായന, കവിത വായന എന്നിവയ്ക്ക് അവസരം നൽകുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| 2. മാതൃഭാഷയെ പോലെ ഹിന്ദി നിർഭയം സംസാരിക്കാനും ചെയ്യാൻ പ്രാപ്തരാക്കുക | പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രമുഖ സാഹിത്യകാരന്മാരുടെ കഥകൾ, നോവലുകൾ, സിനിമകൾ എന്നിവ കാണിക്കുവാൻ അവസരം നൽകുന്നു.<br>ഹിന്ദി തിയേറ്ററുകൾ സജ്ജീകരിക്കുക | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| 3. വിവർത്തകർ, വാർത്ത വായനക്കാർ, ജേർണലിസ്റ്റുകൾ തുടങ്ങിയ ജോലി സാധ്യതകൾക്കായി കുട്ടികളെ പ്രാപ്തരാക്കുക | ഹിന്ദി മാതൃഭാഷയായിട്ടുള്ള പ്രദേശങ്ങളിലേക്ക് പഠനയാത്രകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | |
| | പ്രശസ്ത ജേർണലിസ്റ്റുകളുമായിട്ടുള്ള അഭിമുഖം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | പി.ടി.എ |

മേഖല യു. പി. ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | വാർഷിക വിശകലനം |
|---|---|---|---|---|
| 1) 5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ: ഹിന്ദി അക്ഷരം തലം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക പഠിപ്പിച്ചുകൊടുക്കുക | പുതിയ പാഠങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ ലളിതമാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ അക്ഷരമാല ചാർട്ട് ലിപികളിൽ അക്ഷര രചന കാണിക്കൽ തുടങ്ങിയവ | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2) ഹിന്ദി വായന: തെറ്റു കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശീലനം ചെയ്യുക | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും. മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി.ഡി. തുടങ്ങിയവ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3) ഹിന്ദി സംസാരം : ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കിയെടുക്കും നിത്യ ജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും. | ഹിന്ദി കഥ ചിത്രകഥാ ഗ്രന്ഥങ്ങളിൽ ഉപയോഗിക്കും അവരുടെ ചെറിയ-ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും<br><br>വായനയ്ക്ക് . . . .<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും<br>മത്സര വായന തെറ്റാതെ ആവർത്തിക്കാതെ വായിച്ചാൽ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

Downloaded from: https://textbooksall.blogspot.com/

## മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം - കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 2 മാസം, (ആഗസ്ത്, സെപ്തംബർ) | പുസ്തകങ്ങൾ, ചിത്രങ്ങൾ | പി.ടി.എ, അധ്യാപകർ |
| 2) കുട്ടിയെ മികച്ച വായനക്കാരനാക്കുക | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം<br>8. വായനാക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10. ദിനാചരണം<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും.<br>13. ആസ്വാദകരമായ വായന<br>14. ഇ - വായന | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ | പി.ടി.എ, അധ്യാപകർ |

Downloaded from: https://textbooksall.blogspot.com/

## മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 3) കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തിഗത രചന, സംഘ രചന<br>8. ഭാഷ പ്രോജക്ട്<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം<br>10. സാഹിത്യ - സാംസ്കാരിക ചിത്ര ഗ്യാലറി | 6 മാസം | ലൈബ്രറി,<br>പുസ്തകങ്ങൾ,<br>ഫോട്ടോകൾ,<br>പുസ്തകങ്ങൾ | പി.ടി.എ, അധ്യാപകർ |
| 4) സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക. | 6 മാസം, (ജൂലൈ - ഡിസംബർ) | ഓഡിയോ, വീഡിയോ | ട്രെയിനർ, അധ്യാപകർ |

## ഹൈസ്കൂൾ സയൻസ്

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ശാസ്ത്രാഭിരുചി വ്യപ്പെടുത്തൽ | ലഘു പരീക്ഷണങ്ങൾ കുട്ടികൾക്ക് തന്നെ ചെയ്യുവാനുള്ള അവസരം നൽകുന്നു<br>ശാസ്ത്രസംബന്ധിയായ ലഘു മോഡലുകൾ ചെയ്യുവാനുള്ള പിന്തുണ നൽകുന്നു<br>ശാസ്ത്രപ്രദർശനങ്ങൾ കാണുവാനുള്ള അവസരം ഒരുക്കുന്നു<br>പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ അവതരിപ്പിക്കുന്നു | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകർ | പി.ടി.എ. |
| 2 | ശാസ്ത്ര ലാബ് പരിചയപ്പെടൽ | സയൻസ് ലാബ് സന്ദർശിക്കാനുള്ള അവസരം ഒരുക്കുന്നു<br>ഫിസിക്സ്, കെമിസ്ട്രി , ബിയോളജി എന്നിങ്ങനെ ശാസ്ത്ര ഉപകരണങ്ങൾ ക്രമീകരിച്ചിരിക്കുന്നത് മനസ്സിലാക്കാനുള്ള അവസരം.<br>കുട്ടികൾ തന്നെ ലേബലുകൾ നൽകുന്നു | അക്കാദമിക വർഷത്തിൽ ഒരു തവണ | സയൻസ് അദ്ധ്യാപകർ | പി.ടി.എ. |
| 3 | ശാസ്ത്ര പഠനം ആധുനിക സാങ്കേതികവിദ്യയിലൂടെ | സയൻസ് ലാബ് നവീകരണം . | അക്കാദമിക വർഷം | പി.ടി.എ. | പി.ടി.എ. |
| | | പ്രൊജക്ടറുകൾ , ലാപ്ടോപ്പുകൾ,കംപ്യൂട്ടറുകൾ എന്നിവ അപ്ഡേറ്റ് ചെയ്ത് പ്രവർത്തന സജ്ജമാക്കുക | | SITC | |
| | | ഡിജിറ്റൽ ശാസ്ത്രമാസിക തയ്യാറാക്കൽ<br>പഠന സോഫ്റ്റ്‌വെയറുകളുടെ പരിചയപ്പെടൽ | | സയൻസ് അദ്ധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 4 | വിമർശനാത്മക ചിന്ത വളർത്തൽ | ദൈനംദിന ജീവിതത്തിലെ സന്ദർഭങ്ങളുമായി ബന്ധപ്പെട്ട ശാസ്ത്രം തിരയുന്നു .<br>ശാസ്ത്ര പുരോഗതിയുമായി ബന്ധപ്പെട്ട ക്ലാസുകൾ സംഘടിപ്പിക്കുന്നു .<br>ശാസ്ത്ര സംവാദസദസ്സുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സയൻസ് ക്ലബ് | പി.ടി.എ. |
| 5 | പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | വൃക്ഷത്തൈകൾ നട്ടുവളർത്തുന്നു<br>പച്ചക്കറിത്തോട്ടം, ഔഷധത്തോട്ടം എന്നിവ നിർമിക്കുന്നു<br>പ്ലാസ്റ്റിക് നിരോധിത വിദ്യാലയം<br>ബൊട്ടാണിക്കൽ ഗാർഡൻ സന്ദർശനം | അക്കാദമിക വർഷം | സയൻസ് ക്ലബ് , എസ്.ആർ.ജി. | പി.ടി.എ. |
| 6 | നേരനുഭവം | ഫാക്ടറി സന്ദർശനം , മിൽമ ഡയറി സന്ദർശനം, ഡാം സന്ദർശനം, ജലശുദ്ധീകരണശാല സന്ദർശനം , എക്സിബിഷനുകൾ സന്ദർശനം | അക്കാദമിക വർഷത്തിൽ 3 | സയൻസ് ക്ലബ് , എസ്.ആർ.ജി. | പി.ടി.എ. |
| 7 | ശാസ്ത്ര ബഹിർസ്ഫുരണം | ശാസ്ത്രകാരന്മാരുമായി സംവാദം<br>ശാസ്ത്ര മേളകളിൽ പങ്കെടുക്കുന്നു<br>പ്രൊജെക്ടുകൾ പൊതുവേദിയിൽ അവതരിപ്പിക്കുന്നു<br>സ്വന്തം കുടുംബവുമായി ശാസ്ത്രകണ്ടെത്തലുകൾ ചർച്ച ചെയ്യുന്നു | അക്കാദമിക വർഷം | സയൻസ് ക്ലബ് , എസ്.ആർ.ജി. | പി.ടി.എ. |

## പ്രവർത്തന വിശദാംശങ്ങൾ - ഇംഗ്ലീഷ് ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസനം | 1. ഇംഗ്ലീഷ് ഭാഷയിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ. | ഒരു വർഷം | ഇംഗ്ലീഷ് ടീച്ചർ | |
| | 2. ഇംഗ്ലീഷ് ക്ലബ് പ്രവർത്തനം കാര്യക്ഷമമാക്കൽ (സ്കിറ്റ്, സെമിനാർ, പ്രസംഗം) | ആഴ്ചയിൽ ഒരു ദിവസം, വർഷം മുഴുവൻ | ഇംഗ്ലീഷ് ക്ലബ് സെക്രട്ടറി | 150 |
| | 3. ഇംഗ്ലീഷ് അസംബ്ലി (ആഴ്ചയിൽ) | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് വൈസ് | 100 |
| | 4. ഇംഗ്ലീഷ് ഡയറി എഴുത്ത്. (വ്യക്തിഗതം) | എല്ലാദിവസവും | ക്ലാസ് അധ്യാപകർ | - |

## പ്രവർത്തനം 2. ഇംഗ്ലീഷ് [illegible]

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിൽ സർഗാത്മകശേഷി വികസനം. | 1. ഇംഗ്ലീഷ് കഥ, കവിത, ഉപന്യാസങ്ങൾ. | ഒരു ടേം. | ഇംഗ്ലീഷ് ടീച്ചർ |
| | 2. പാഠഭാഗത്തെ വ്യത്യസ്ത വ്യവഹാര രൂപങ്ങളിലേയ്ക്ക് മാറ്റി അവതരണം | മാസത്തിൽ ഒന്ന് | ക്ലാസ് അദ്ധ്യാപിക |
| | 3. ഇംഗ്ലീഷ് ന്യൂസ് റീഡിംഗ് | അസംബ്ലി | ഇംഗ്ലീഷ് ടീച്ചർ |
| | 4. ഇംഗ്ലീഷ് ഞായർ. | ആഴ്ച-1 | " |
| വായന പരിപോഷിപ്പിക്കൽ | ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ വായിച്ച് കുറിപ്പ് തയ്യാറാക്കൽ. | ആഴ്ച-1 | ഇംഗ്ലീഷ് ടീച്ചർ |
| കുട്ടികളുടെ രചന സമാഹാരത്തിലേയ്ക്ക് | കുട്ടികളുടെ രചനകൾ സ്കൂൾ വിക്കിയിൽ ചേർക്കൽ. | മാസം-1 | ക്ലബ് |

| ലക്ഷ്യം | ഉപമേഖല - മലയാളം - പ്രവർത്തനം - പ്രവർത്തനങ്ങൾ | ആവശ്യമായ കാലം | ചുമതല |
|---|---|---|---|
| 1. എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനുമുള്ള ശേഷി. (ശ്രവ, നവപദ) പഠന പിന്നോക്കാവസ്ഥ പരിഹരിക്കൽ. | 1. അക്ഷരം ഉറപ്പിക്കൽ<br>2. ചിഹ്നം ഉറപ്പിക്കൽ<br>3. പദനിർമ്മാണം<br>4. വാക്യനിർമ്മാണം<br>5. അക്കാദമികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ്. | 3 മാസം | SRG. |
| 2) എല്ലാ കുട്ടികളെയും സ്വതന്ത്രവായനക്കാരാക്കുക. | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ.<br>2. ക്ലാസ് ലൈബ്രറി നവീകരിക്കൽ.<br>3. പുസ്തകങ്ങൾ ലഭ്യമാക്കൽ<br>4. സ്കൂൾ ലൈബ്രറി നവീകരിക്കൽ.<br>5. വായനോത്സവം<br>6. പത്രവായന, | ഒരു വർഷം | മലയാളം ടീച്ചർ |

# മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | **കാടും മേടും:** ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു<br>**വയൽ കിളികൾ:** സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു. നിശ്ചയിച്ച തീയതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2) ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക | **ഒന്നായി നമ്മൾ:** സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ, സുമനസുകൾ |

| | | | | |
|---|---|---|---|---|
| 2) സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക | **സ്റ്റാർട്ട് അപ്:** സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച്ച വെക്കുന്നു | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 3) മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക. | **ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ:** സർവ്വേ, പ്രൊജക്ട്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| 3) ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥലനിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക | **പട്ടുപാതയിലൂടെ:** ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4) കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക | **ഒരു സിനിമ റൂം:** സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്ലിപ്പുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, ഹ്രസ്വചിത്ര പ്രദർശനം, പ്രോജക്ട് റൂം etc സിനിമ ചരിത്ര സിനിമ പ്രദർശനം | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

# GVHSS PARANIYAM

## മാസ്റ്റർപ്ലാൻ -ഗണിതം (എച്ച്.എസ്)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.ആശയധാരണ കൈവരിക്കൽ | പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ മാത്സ് ക്ലിനിക് | ജൂൺ ആദ്യവാരം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2. നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ജ്യാമിതീയപെട്ടിയുടെ ലഭ്യത, ശില്പശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ | ടീച്ചേഴ്സ് ഗ്രാൻഡ് |
| 3.ഗണിതത്തെ നിത്യജിവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | ഒരു ടേമിൽ ഒന്ന് | അധ്യാപകർ, പിടിഎ | പിടിഎ |

| | | | | |
|---|---|---|---|---|
| 4.ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിതരൂപങ്ങൾ , അളവുകൾ ഇവ പരിചയപ്പെടൽ | ശില്പശാല നടത്തുന്നു ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ , ഗണിത ക്ലബ്ബ് | പിടിഎ |
| 5. സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | അധ്യാപകർ സംഘത്തലവൻ | |
| 6.അധ്യാപകർ കാലാനുസൃതമായി ചെയ്ത് ചെറിയ ക്ലാസ് മുതലുള്ള തുടർ പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു | അക്കാദമിക വർഷം തുടർ പ്രവർത്തനം | വിഷയ സമിതി കൺവീനർ, മുതിർന്ന അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 7. ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച സംഭാവനകൾ | ഗണിത ഗ്രാമം: കുട്ടികൾ, കൂടാതെ സമീപപ്രദേശങ്ങളിലെ ഗണിത അധ്യാപകരും ചേർന്നുള്ള കൂട്ടായ്മ | ശനിയാഴ്ചകളിലും മറ്റ് അവധി ദിവസങ്ങളിലും | ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ്, മാനേജ്മെന്റ് |
| 8.ഗണിത മത്സര വേദിയിലേക്ക് മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെട്ടുത്തൽ മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പിടിഎ | പിടിഎ |
| 9 ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠന ഉപകരണങ്ങൾ ശേഖരിക്കൽ | മെയ് - ജൂൺ | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പിടിഎ | പിടിഎ |

| | | | | |
|---|---|---|---|---|
| 10.രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പിടിഎ . നടത്തുന്ന ചുമതലകൾ നൽകുന്നു | എല്ലാ അധ്യാപകരും | അധ്യാപകർ, ഹെഡ്മാസ്റ്റർ ,പിടിഎ പ്രസിഡണ്ട് | |